പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 237 **28-10-2026-ൽ മറുപടിയ്ക്ക്**

ഇ-ഗ്രാന്റ്സ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. രാജൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണായകമായ മുന്നേറ്റം കൈവരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേരളത്തിൽ വിവിധ കാലഘട്ടത്തിൽ അധികാരത്തിലിരുന്ന സർക്കാരുകളുടെ പ്രവർത്തന ഫലമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണായകമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, സാർവ്വത്രിക എൻറോൾമെന്റ് ഉറപ്പാക്കുന്നതിനും, കുട്ടികളെ തുടർച്ചയായി സ്കൂളുകളിൽ നിലനിർത്തുന്നതിനും, എല്ലാ കാലഘട്ടങ്ങളിലേതുപോലെ മുൻ സർക്കാരിന്റെ കാലഘട്ടത്തിലും പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇത്തരത്തിൽ മുൻ സർക്കാരുകളുടെ കാലത്തു പട്ടികവർഗ മേഖലകളിലെ എസ്.ടി. പ്രമോട്ടർമാർ, മെന്റർ ടീച്ചർമാർ, സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേനയുള്ള ഇടപെടലുകൾ, പഞ്ചായത്ത് വിദ്യാഭ്യാസ കമ്മിറ്റികൾ, സ്കൂൾ പി.ടി.എ.കമ്മിറ്റികൾ എന്നിവയുടെയെല്ലാം മികവുറ്റ പ്രവർത്തനത്തിന്റെയും സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണത്തിന്റെയും ഫലമായി പട്ടികവർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, ഉന്നത വിദ്യാഭ്യാസ രംഗത്തും ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് ഉൾപ്പെടെ വിവിധ സ്കോളർഷിപ്പുകളും നൽകി വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ സ്കോളർഷിപ്പുകളായ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ലാപ്ടോപ്പ് പദ്ധതി, മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ്, സ്റ്റെതസ്കോപ്പ്, നൃത്ത-സംഗീത വിഷയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾക്കും ആടയാഭരണങ്ങൾക്കു മുള്ള ധനസഹായം, വിദേശ വിദ്യാഭ്യാസത്തിനായി

സ്കോളർഷിപ്പ് നൽകുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ്, പൈലറ്റ് കോഴ്സിനായി സ്കോളർഷിപ്പ് അനുവദിക്കുന്ന വിങ്സ് പദ്ധതി തുടങ്ങിയ സ്കോളർഷിപ്പുകൾ എല്ലാ കാലഘട്ടങ്ങളിലേതുപോലെ മുൻ സർക്കാരിന്റെ കാലഘട്ടത്തിലും പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ മുന്നേറ്റം കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും വിദ്യാഭ്യാസാനുകൂല്യങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്തിരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുടങ്ങിയ പ്രസ്തുത ആനുകൂല്യങ്ങൾ ഈ സർക്കാരിന്റെ കാലത്തു കൊടുത്തു തീർത്തിട്ടുണ്ട്.

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ തുടരുമോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ തുടരുന്നതാണ്. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൻ കീഴിൽ പട്ടികവർഗ വികസന വകുപ്പിൽ ഷോളയൂർ പ്രീ മെട്രിക് (ഗേൾസ്), പുത്തൂർ പ്രീ മെട്രിക് (ഗേൾസ്), പുത്തൂർ പ്രീ മെട്രിക് (ബോയ്സ്), നൂറണി പോസ്റ്റ് മെട്രിക് (ഗേൾസ്) എന്നീ ഹോസ്റ്റൽ കെട്ടിടങ്ങളും പട്ടികജാതി വികസന വകുപ്പിൽ കൊഴിഞ്ഞാമ്പാറ പോസ്റ്റ് മെട്രിക് (ഗേൾസ്), മണിശ്ശേരി പോസ്റ്റ് മെട്രിക് (ബോയ്സ്), ആലുവ പോസ്റ്റ് മെട്രിക് (ബോയ്സ്), ചേർത്തല പോസ്റ്റ് മെട്രിക് (ഗേൾസ്) എന്നീ ഹോസ്റ്റൽ കെട്ടിടങ്ങളും ഇടുക്കി ഇ.എം. ആർ.എസ് അഡിഷണൽ ബ്ലോക്കും പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളിൻ കീഴിൽ ഉള്ള പത്തു വീതം ഗേൾസ് ഹോസ്റ്റലുകളിൽ ഇൻസിനേറ്ററുകളും വെൻഡിങ് മെഷീനും സ്ഥാപിച്ചിട്ടുണ്ട്.

പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കും അറ്റകുറ്റപണികൾക്കുമായി 2026-2027 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കാര്യക്ഷമമായി വിനിയോഗിച്ചു വരുന്നുണ്ട്.

(ഡി) 2026-27 അധ്യയന വർഷത്തിലെ ഇ-ഗ്രാന്റ്സ് കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>മറുപടി:</u> **<u>പട്ടികവർഗ വികസന വകുപ്പ്</u>**

2026-27 അധ്യയന വർഷത്തിൽ ഇ-ഗ്രാന്റ്സ് കുടിശ്ശിക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കുടിശ്ശിക ഇല്ലാതെ ഇ-ഗ്രാന്റ്സ് വിതരണം ചെയ്യുന്നതിന് വകുപ്പ് തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി അപേക്ഷകൾ ലഭ്യമാക്കുന്നതിനു വേണ്ടിയും, വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിനുമായി പ്രത്യേക നിർദ്ദേശങ്ങളും, അവബോധ പ്രവർത്തനങ്ങളും നൽകി വരുന്നുണ്ട്. കേന്ദ്ര

ആവിഷ്കൃത സ്കോളർഷിപ് പദ്ധതികളിൽ (SNA-SPARSH മുഖാന്തിരമുള്ള) ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന തലങ്ങളിലെ ഈ വിഷയവുമായി ബന്ധപ്പെട്ട സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ടുമായി ആധാർ സീഡിംഗ് പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രത്യേക ക്യാമ്പ് (ABCD ക്യാമ്പ്) സംഘടിപ്പിച്ചു വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ്

2026-27 അധ്യയന വർഷത്തിലെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ് വിതരണത്തിനായി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്തുവരുന്നു.

2026-27 വർഷം സ്കോളർഷിപ് വിതരണത്തിനായി ആകെ 343 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. സ്കോളർഷിപ് അപേക്ഷകൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും അപ്രൂവലിന് നൽകുന്നതിനും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും സ്ഥാപന മേധാവികൾ മുഖേന വിദ്യാർത്ഥികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്കോളർഷിപ് പോർട്ടൽ സുഗമമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സ്ഥാപനങ്ങളുടെയും ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ